**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

08.07.2013 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.6013

## ബഡ്സ് സ്കൂളുകൾ

| | ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ.ആർ.രാജേഷ് | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>ബഹു.പഞ്ചായത്ത് സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|
| എ) | എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികൾക്കായി കാസർകോഡ് ജില്ലയിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്ന ബഡ്സ് സ്കൂളുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ; | എ) കാസർഗോഡ് സബ് കളക്ടറുടെ നേതൃത്വത്തിൽ ജില്ലയിലെ എൻഡോസൾഫാൻ കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് (എൻഡോസൾഫാൻ സെൽ) സ്കൂളുകളുടെ നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്നത്. കെട്ടിട മാതൃക ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖേന സമർപ്പിച്ചിട്ടുണ്ട്. കുടുംബശ്രീ നിർമ്മാണ ചുമതലകൾ ഏറ്റെടുത്തിട്ടില്ല. |
| ബി) | എത്ര സ്കൂളുകൾ പ്രവർത്തനക്ഷമമായി എന്നും അതിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്നും വ്യക്തമാക്കുമോ ; | ബി)നിലവിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിലുള്ള 7 ബഡ്സ് സ്കൂളുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഓരോ സ്കൂളിലും 18 മുതൽ 30 വരെ വിദ്യാർത്ഥികൾ ഉണ്ട്. |
| സി) | മാനസിക വെല്ലുവിളി നേരിടുന്നതും അംഗവൈകല്യം സംഭവിച്ചവരുമായ കുട്ടികൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ അവിടെ ലഭ്യമാക്കിയിട്ടുള്ളത്; വെളിപ്പെടുത്തുമോ ; | സി) സ്പെഷ്യൽ എഡ്യുക്കേഷൻ, ന്യൂട്രീഷൻ, സൈക്കോതെറാപ്പി, വൈദ്യ പരിശോധന, ട്രാൻസ്പോർട്ടേഷൻ എന്നീ സഹായങ്ങളാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവരും അംഗവൈകല്യം സംഭവിച്ചവരുമായ കുട്ടികൾക്കായി നല്കുന്നത്. കൂടാതെ അംഗീകാരമുള്ള സ്കൂളുകൾക്ക് ലഭിക്കുന്ന സ്റ്റൈപ്പന്റുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സർക്കാർ ലഭ്യമാക്കുന്നുണ്ട്. |
| ഡി) | ബഡ്സ് സ്കൂൾ അധ്യാപകരുടെ അലവൻസ് എത്രയെന്നും അവ കൃത്യമായി ലഭ്യമാക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ? | ഡി) പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് 3800/- രൂപ മുതൽ 6900/-രൂപ വരെയാണ് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ബഡ്സ് സ്കൂൾ ടീച്ചർമാർക്ക് ഹോണറേറിയം ആയി അനുവദിക്കുന്നത് |

സെക്ഷൻ ഓഫീസർ